(ബി) തൊഴിലാളികൾക്ക് നൽകുവാൻ അവശേഷിക്കുന്ന ആനുകൂല്യങ്ങൾ കൊടുത്തു തീർക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ.-യുടെയും, കണ്ണൂർ ജില്ലാ ലേബർ ഓഫീസറുടെയും സാന്നിദ്ധ്യത്തിൽ 17-12-2010-ൽ കണ്ണൂരിൽ വച്ച് ബന്ധപ്പെട്ട ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും മാനേജ്മെന്റിന്റെയും ഒരു യോഗം വിളിച്ചു ചേർക്കുകയുണ്ടായി. 2011 ജനുവരി 25-നകം അവശേഷിക്കുന്ന തുക കൊടുത്തു. തീർക്കുവാൻ പരമാവധി ശ്രമിക്കുന്നതാണെന്നും അതിനുള്ള സാമ്പത്തിക സ്രോതസ്സുകൾ ഉണ്ടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും മാനേജ്മെന്റ് അറിയിച്ചു.

(സി) കരാർ പ്രകാരം തൊഴിലാളികൾക്ക് നൽകുവാനുള്ള മുഴുവൻ നഷ്ടപരിഹാരത്തുകയും നൽകി കഴിഞ്ഞതായി മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്.

സിൽക്കി-ന്റെ വികസനത്തിനും നവീകരണത്തിനും നടപടി

217(824) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏക വ്യവസായസ്ഥാപനമായ സിൽക്കി-ന്റെ വികസനത്തിനും, നവീകരണത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വ്യവസായസ്ഥാപനത്തിന്റെ വികസനത്തിനായി എത്ര കോടി രൂപയുടെ വികസനപദ്ധതികൾ ആണ് നടപ്പിലാക്കിയത് ; അതിന്റെ ഫലമായി എന്തെല്ലാം നേട്ടങ്ങൾ ആണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

'(എ&ബി) സിൽക്കിന്റെ ഒറ്റപ്പാലം യൂണിറ്റിന്റെ നവീകരണത്തിനായുള്ള ഒരു പ്രോജക്ട് സർക്കാർ അംഗീകരിക്കുകയും ഇതിന്റെ നടത്തിപ്പിനായി 280 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. കമ്പനിയുടെ നവീകരണത്തിനു വേണ്ടിയുള്ള പുതിയ കെട്ടിടനിർമ്മാണവും, ഉല്പാദനത്തിനുവേണ്ടതായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇതിന്റെ ഫലമായി കമ്പനിയുടെ കാസ്റ്റിംഗ് ഉൽപ്പാദനം ഗണ്യമായി ഉയർത്തുവാനും ഒപ്പം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയും.

കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ

218(825) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ എത്ര മില്ലുകളാണ് പ്രവർത്തിക്കുന്നത് ;

(ബി) കഴിഞ്ഞ സാമ്പത്തികവർഷം ഈ മില്ലുകളുടെ പ്രവർത്തനത്തിലൂടെ എന്തു തുക ലാഭമായി ലഭിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly